LIBRARY ARCHIVES Kerala Legislative Assembly

മുക്കം ഗ്രാമപഞ്ചായത്തിലെ വെസ്റ്റ് മണാശ്ശേരി-വാഴക്കുഴി റോഡിന്റെ നിർമ്മാണത്തിൽ നടന്ന അഴിമതി

197 [1641] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രാമപഞ്ചായത്തിലെ വെസ്റ്റ് മണാശ്ശേരി-വാഴക്കുഴി റോഡിന്റെ നിർമ്മാണത്തിൽ അഴിമതി നടന്നു എന്നത് സംബന്ധിച്ച് പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുതകാര്യം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ആരെയാണ് അന്വേഷണച്ചുമതല ഏൽപ്പിച്ചത് ;

(ഡി) അന്വേഷണത്തിൽ ബോധ്യമായ വിവരം വെളിപ്പെടുത്താമോ ;

(ഇ) അഴിമതി നടന്നിട്ടുണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ എടുത്ത നടപടി വിശദമാക്കാമോ ;

(എഫ്) പ്രസ്തുത റോഡ് നിർമ്മാണത്തിന് എത്ര രൂപയാണ് അനുവദിച്ചത് എന്നും, എത്രതുക കൈപ്പറ്റിയെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) സർക്കാരിന് പരാതി ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത റോഡ് പണി സംബന്ധിച്ച് ഒരു പരാതി മുക്കം ഗ്രാമപഞ്ചായത്തിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കുന്നമംഗലം ബ്ലോക്ക് BLTC എക്സിക്യൂട്ടീവ് എഞ്ചിനീയറെക്കൊണ്ട് അന്വേഷണം നടത്തിയതിൽ ക്രമക്കേടുകൾ ഒന്നും തന്നെ നടന്നിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ബി) (സി) (ഡി) ആന്റ് (ഇ) ബാധകമല്ല.

(എഫ്) 1,50,000 രൂപയാണ് S.G.R.Y. പദ്ധതി പ്രകാരമുള്ള പ്രസ്തുത റോഡ് നിർമ്മാണത്തിന് അനുവദിച്ചത്. 1,47,046 രൂപയുടെ ഫൈനൽ ബിൽ തയ്യാറാക്കി പഞ്ചായത്തിനെ ഏൽപ്പിച്ചെങ്കിലും 1,12,500 രൂപ മാത്രമേ ബന്ധപ്പെട്ട ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകിയിട്ടുള്ളു.

ഗ്രാമപഞ്ചായത്ത് ലൈബ്രേറിയന് നിയമവിധേയമല്ലാതെ ഓണറേറിയം വർദ്ധിപ്പിച്ച നടപടി

198 [1643] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദംമംഗലം മണ്ഡലത്തിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് ലൈബ്രറിയന് നിയമവിധേയമല്ലാതെ ഓണറേറിയം വർദ്ധിപ്പിച്ചത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുതകാര്യം സംബന്ധിച്ച് സർക്കാർ വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(സി) അന്വേഷണത്തിൽ വെളിവായ വിവരം വെളിപ്പെടുത്താമോ ;

(ഡി) ഓണറേറിയം വർദ്ധിപ്പിച്ച വകയിൽ എത്ര രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും അധികമായി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഇ) കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഇല്ല.

(ബി) മുതൽ (ഇ) വരെ ബാധകമല്ല.

വട്ടപ്പാറ ആസ്ഥാനമായി പുതിയ പഞ്ചായത്ത് രൂപീകരണം

199 [1644] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസംഖ്യാനുപാതികമായി സംസ്ഥാനത്തെ പഞ്ചായത്തുകൾ വിഭജിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ ആസ്ഥാനമായി പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യത്തിന്മേൽ അനുകൂലനിലപാട് സ്വീകരിക്കുമോ ;

(സി) തദ്ദേശ സ്വയംഭരണ വാർഡുകളുടെ പുനഃക്രമീകരണം എത്ര സമയത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ ; വാർഡുകളുടെ പുനഃക്രമീകരണത്തിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 30 ച.കി.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതും 50,000നുമേൽ ജനസംഖ്യയുള്ളതും സ്വന്തമായിഫണ്ട് സ്വരൂപിക്കാൻ കഴിവുള്ളതുമായ ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly